243

ഭാരത സർക്കാർ

നിയമ മന്ത്രാലയം

സത്യമേവ ജയതേ

# 1980-ലെ ശ്രീ ചിത്തിര തിരുനാൾ വൈദ്യ ശാസ്ത്ര സാങ്കേതിക വിദ്യാസ്ഥാപനം ആക്റ്റ്

(1980-ലെ 52-ാം ആക്റ്റ്)

(1988 ജൂൺ 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

**Sree Chithra Thirunal Institute for Medical Sciences and Technology Act, 1980**

(Act 52 of 1980)

(As on 1st June, 1988)

വില : രൂപ 11

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം മണ്ണന്തല ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

1993

## ആമുഖം

1988 ജൂൺ 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1980-ലെ ശ്രീ ചിത്തിര തിരുനാൾ വൈദ്യശാസ്ത്ര സാങ്കേതിക വിദ്യാസ്ഥാപനം ആക്റ്റിന്റെ (1980-ലെ 52-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1989 ജൂൺ 12-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസററ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി 41 മുതൽ 51 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരിക പാഠം (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠം ആയിത്തീരുകയും ചെയ്തു.

വി. എസ്. രമാദേവി,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

ന്യൂഡൽഹി,
12-6-1989.

## PREFACE

This edition of the Sree Chithra Thirunal Institute for Medical Sciences and Technology Act, 1980 (Act No. 52 of 1980) as on 1st June 1988 contains the authoritative text of that Act in Malayalam which was published in the Gazette of India Extra-ordinary Part XI section I Vol. I No. I dated 12th June 1989 on pages 41 to 51.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973, and on such publication it became the authoritative text of that Act in Malayalam.

New Delhi,
12-6-1989.

V. S. Remadevi,
*Secretary to the Government of India.*

GPM. 3/79/92.

# 1980-ലെ ശ്രീ ചിത്തിര തിരുനാൾ

# വൈദ്യശാസ്ത്ര സാങ്കേതിക വിദ്യാസ്ഥാപനം ആക്ട്

## വകുപ്പുകളുടെ വിന്യാസം


| | വകുപ്പുകൾ | | പേജ് |
|---|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | .. | 1 |
| 2. | തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെൻറർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസിനെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നത് | .. | 1 |
| 3. | നിർവ്വചനങ്ങൾ | .. | 1 |
| 4. | വിദ്യാസ്ഥാപനത്തിൻെറ ഏകാംഗീകരണം | .. | 2 |
| 5. | വിദ്യാസ്ഥാപനത്തിൻെറ ഘടന | .. | 2 |
| 6. | അംഗങ്ങളുടെ ഉദ്യോഗകാലാവധിയും അവരുടെ ഇടയിലുള്ള ഒഴിവുകളും | .. | 3 |
| 7. | വിദ്യാസ്ഥാപനത്തിൻെറ പ്രസിഡൻറ് | .. | 3 |
| 8. | പ്രസിഡൻറിൻെറയും അംഗങ്ങളുടെയും ബത്തകൾ | .. | 3 |
| 9. | വിദ്യാസ്ഥാപനത്തിൻെറ യോഗങ്ങൾ | .. | 3 |
| 10. | വിദ്യാസ്ഥാപനത്തിൻെറ ഭരണ സമിതിയും മററ് കമ്മിററികളും | .. | 4 |
| 11. | വിദ്യാസ്ഥാപനത്തിലെ ജീവനക്കാർ | .. | 4 |
| 12. | വിദ്യാസ്ഥാപനത്തിൻെറ ലക്ഷ്യങ്ങൾ | .. | 5 |
| 13. | വിദ്യാസ്ഥാപനത്തിൻെറ ചുമതലകൾ | .. | 5 |
| 14. | വസ്തു നിക്ഷിപ്തമാകുന്നത് | .. | 6 |
| 15. | വിദ്യാസ്ഥാപനത്തിന് പണം കൊടുക്കുന്നത് | .. | 6 |
| 16. | വിദ്യാസ്ഥാപനത്തിൻെറ നിധി | .. | 6 |
| 17. | വിദ്യാസ്ഥാപനത്തിൻെറ ബജററ് | .. | 7 |
| 18. | അക്കൗണ്ടുകളും ആഡിററും | . | 7 |
| 19. | വാർഷിക റിപ്പോർട്ട് | .. | 7 |
| 20. | പെൻഷനും പ്രോവിഡൻറ് ഫണ്ടും | .. | 7 |
| 21. | വിദ്യാസ്ഥാപനത്തിൻെറ ഉത്തരവുകളുടേയും രേഖകളുടെയും പ്രമാണീകരണം | .. | 7 |
| 22. | ഒഴിവുകളും മററും പ്രവർത്തികളെയും നടപടികളെയും അസാധുവാക്കുന്നതല്ലെന്ന് | .. | 8 |
| 23. | വിദ്യാസ്ഥാപനം മെഡിക്കൽ ബിരുദങ്ങൾ, ഡിപ്ലോമകൾ മുതലായവ നല്കുന്നത് | .. | 8 |
| 24. | വിദ്യാസ്ഥാപനം നൽകുന്ന മെഡിക്കൽ യോഗ്യതാപത്രങ്ങൾക്ക് അംഗീകാരം | .. | 8 |
| 25. | കേന്ദ്രസർക്കാരിൻെറ നിയന്ത്രണം | .. | 8 |
| 26. | വിദ്യാസ്ഥാപനവും കേന്ദ്രസർക്കാരും തമ്മിലുള്ള തർക്കങ്ങൾ | .. | 8 |
| 27. | വിവരണ പത്രികകളും വിവരങ്ങളും | .. | 8 |
| 28. | ജോലിയിലിരിക്കുന്ന ജീവനക്കാരുടെ സേവനം മാററുന്നത് | .. | 8 |
| 29. | വിദ്യാസ്ഥാപനത്തിലെ സൗകര്യങ്ങൾ തുടരുന്നത് | .. | 8 |
| 30. | വിഷമതകൾ നീക്കുന്നതിനുള്ള അധികാരം | .. | 9 |
| 31. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം | .. | 9 |
| 32. | റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം | .. | 10 |
| 33. | ചട്ടങ്ങളും റഗുലേഷനുകളും പാർലമെൻറിൻെറ മുൻപാകെ വയ്ക്കണമെന്ന് | .. | 11 |

# 1980-ലെ ശ്രീ ചിത്തിരതിരുനാൾ വൈദ്യശാസ്ത്ര സാങ്കേതിക വിദ്യാസ്ഥാപനം ആക്റ്റ്

(1980-ലെ 52-ാം ആക്റ്റ്)

(1988 ജൂൺ 1-ാം തീയതിവരെ ഭേദഗതി ചെയ്ത പ്രകാരം)

(ഡിസംബർ 3, 1980)

കേരള സംസ്ഥാനത്ത് ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെൻറർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസിനെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നതിനും അതിൻെറ ഏകാംഗീകരണത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനും ഉള്ള ഒരു ആക്റ്റ്.

ഭാരത റിപ്പബ്ലിക്കിൻെറ മുപ്പത്തി ഒന്നാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു.

**ചുരുക്കപ്പേരും പ്രാരംഭവും**

1 (1) ഈ ആക്റ്റിന് 1980-ലെ തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ വൈദ്യശാസ്ത്ര സാങ്കേതിക വിദ്യാസ്ഥാപനം ആക്റ്റ്, എന്ന് പേരുപറയാവുന്നതാണ്.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

**തിരുവനന്തപുരം ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെൻറർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസിനെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നത്.**

2. കേരള സംസ്ഥാനത്തെ ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെൻറർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസിൻെറ ലക്ഷ്യങ്ങൾ പ്രസ്തുത സ്ഥാപനത്തെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമാക്കത്തക്കതാകയാൽ തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെൻറർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസ് എന്നറിയപ്പെടുന്ന സ്ഥാപനത്തെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

**നിർവ്വചനങ്ങൾ**

3. ഈ ആക്റ്റിൽ സന്ദർഭത്തിൽ മററാരർത്ഥം ആവശ്യമായിത്തീരുന്നിടത്തൊഴികെ,—

(ക) ''ചെയർമാൻ'' എന്നാൽ ഭരണസമിതിയുടെ ചെയർമാൻ എന്ന അർത്ഥമാകുന്നു;

(ഖ) ''ഡയറക്ടർ'' എന്നാൽ വിദ്യാസ്ഥാപനത്തിൻെറ ഡയറക്ടർ എന്ന് അർത്ഥമാകുന്നു;

(ഗ) ''നിധി'' എന്നാൽ 16-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന വിദ്യസ്ഥാപനത്തിൻെറ നിധി എന്ന് അർത്ഥമാകുന്നു;

(ഘ) ''ഭരണ നികായം'' എന്നാൽ വിദ്യാസ്ഥാപനത്തിൻെറ ഭരണ നികായം എന്ന് അർത്ഥമാകുന്നു;

(ങ) ''വിദ്യാസ്ഥാപനം'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഏകാംഗീകരിച്ച തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ വൈദ്യശാസ്ത്ര സാങ്കേതിക വിദ്യാസ്ഥാപനം. എന്നറിയപ്പെടുന്ന സ്ഥാപനം എന്ന് അർത്ഥമാകുന്നു;

---

1981 മാർച്ച് ഒന്നാം തീയതി പ്രാബല്യത്തിൽ വന്നു. ഭാരത ഗസററിൽ II-ാം ഭാഗം 3-ാം വകുപ്പ് 1-ാം ഉപ വകുപ്പിൽ കൊടുത്തിട്ടുള്ള 17-2-1981-ലെ ജി. എസ്. ആർ. 254 (ഇ) നോക്കുക.

(ഛ) ''അംഗം'' എന്നാൽ വിദ്യാസ്ഥാപനത്തിന്റെ ഒരംഗം എന്ന് അർത്ഥമാകുന്നു;

(ഛ) ''പ്രസിഡന്റ്'' എന്നാൽ വിദ്യാസ്ഥാപനത്തിന്റെ പ്രസിഡന്റ് എന്ന് അർത്ഥമാകുന്നു;

(ജ) ''റെഗുലേഷൻ'' എന്നാൽ വിദ്യാസ്ഥാപനം ഉണ്ടാക്കിയ റെഗുലേഷൻ എന്ന് അർത്ഥമാകുന്നു;

(ഝ) ''ചട്ടം'' എന്നാൽ കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ഒരു ചട്ടം എന്ന് അർത്ഥമാകുന്നു.

വിദ്യാ സ്ഥാപനത്തിന്റെ ഏകാംഗീകരണം

4. ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെന്റർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസ്, തിരുവനന്തപുരം ഇതിനാൽ തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ വൈദ്യശാസ്ത്ര സാങ്കേതിക വിദ്യാസ്ഥാപനം എന്ന പേരോടുകൂടിയ ഒരു ഏകാംഗീകൃത നികായമാക്കിയിരിക്കുന്നു; കൂടാതെ അങ്ങനെയുള്ള ഏകാംഗീകൃത നികായമെന്ന നിലയ്ക്ക് അതിന് ശാശ്വത പിൻതുടർച്ചയും ഒരു പൊതു മുദ്രയും ഉണ്ടായിരിക്കുന്നതും, ഈ ആക്ററിന്റെ വ്യവസ്ഥകൾക്കു വിധേയമായി അതിന് വസ്തുവകകൾ ആർജ്ജിക്കുവാനും കൈവശം വയ്ക്കുവാനും വിക്രയം ചെയ്യുവാനും കരാറുകളിൽ ഏർപ്പെടുവാനും അധികാരമുണ്ടായിരിക്കുന്നതും, ഈ പേരിൽ അതിനു വ്യവഹരിക്കാവുന്നതും അതു വ്യവഹാര വിധേയമാകുന്നതും ആകുന്നു.

വിദ്യാസ്ഥാപനത്തിന്റെ ഘടന

5. വിദ്യാസ്ഥാപനം താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കും, അതായത്:—

(ക) കേരള സർവ്വകലാശാല വൈസ് ചാൻസലർ, ഉദ്യോഗം വഴി;

(ഖ) ഭാരത സർക്കാരിന്റെ ആരോഗ്യവകുപ്പ് ഡയറക്ടർ ജനറൽ, ഉദ്യോഗം വഴി;

(ഗ) ഡയറക്ടർ, ഉദ്യോഗം വഴി;

(ഘ) കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതും ശാസ്ത്രവും സാങ്കേതിക വിജ്ഞാനവും, ആരോഗ്യം, ധനകാര്യം, വിദ്യാഭ്യാസം എന്നിവ യഥാക്രമം കൈകാര്യം ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ വകുപ്പുകളെയോ മന്ത്രി കാര്യാലയങ്ങളെയോ, അതതു സംഗതിപോലെ, പ്രതിനിധാനം ചെയ്യുന്നതുമായ നാല് അംഗങ്ങൾ;

(ങ) കേരള സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതും ആസൂത്രണം, ശാസ്ത്രവും സാങ്കേതിക വിദ്യയും, ആരോഗ്യം എന്നിവ യഥാക്രമം കൈകാര്യം ചെയ്യുന്ന ആ സർക്കാരിന്റെ വകുപ്പുകളെയോ മന്ത്രികാര്യാലയങ്ങളെയോ, അതതു സംഗതിപോലെ പ്രതിനിധാനം ചെയ്യുന്നതുമായ രണ്ട് അംഗങ്ങൾ;

(ച) ചട്ടങ്ങളാൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു വൈദ്യശാസ്ത്രജ്ഞൻമാരും ഒരു സാമൂഹ്യശാസ്ത്രജ്ഞനും ഉൾപ്പെടെ മൂന്നു ശാസ്ത്രജ്ഞൻമാർ;

(ഛ) ചട്ടങ്ങളാൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എൻജിനീയറിംഗിനേയും സാങ്കേതിക വിദ്യയെയും പ്രതിനിധാനം ചെയ്യുന്ന മൂന്നു ശാസ്ത്രജ്ഞൻമാർ;

(ജ) വിദ്യാസ്ഥാപനത്തിലെ ജീവവൈദ്യ സാങ്കേതിക വിജ്ഞാന വിഭാഗത്തിന്റെ വകുപ്പദ്ധ്യക്ഷൻ, ഉദ്യോഗം വഴി;

(ഡ) ചട്ടങ്ങളാൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ കേന്ദ്ര സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന ഇൻഡ്യൻ സർവ്വകലാശാലകളിലെ വൈദ്യ ശാസ്ത്ര വിഭാഗങ്ങളുടെ മൂന്നു പ്രതിനിധികൾ;

(ഞ) തങ്ങളുടെയിടയിൽനിന്നും ലോകസഭാംഗങ്ങൾ തിരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങളും തങ്ങളുടെ ഇടയിൽ നിന്നും രാജ്യസഭാംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു അംഗവും ഉൾപ്പെടെ മൂന്ന് പാർലമെൻറ് അംഗങ്ങൾ.

6. (1) ഈ വകുപ്പിൽ മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ ഒരു അംഗത്തിൻെറ ഔദ്യോഗിക കാലാവധി അയാളെ നാമനിർദ്ദേശം ചെയ്തതോ തിരഞ്ഞെടുത്തതോ ആയ തീയതി മുതൽ രണ്ടുവർഷക്കാലത്തേക്ക് ആയിരിക്കും.

അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും അവരുടെ ഇടയിലുള്ള ഒഴിവുകളും.

(2) 5—ാം വകുപ്പ് (ഞ) ഖണ്ഡപ്രകാരം തിരഞ്ഞെടുത്ത ഒരു അംഗത്തിൻെറ ഉദ്യോഗ കാലാവധി അയാളെ ഏതു സഭയിൽനിന്നാണോ തിരഞ്ഞെടുത്തത് ആ സഭയിൽ അയാൾക്ക് അംഗത്വം ഇല്ലാതായിത്തീരുന്നതോടുകൂടി അവസാനിക്കുന്നതാണ്.

(3) ഉദ്യോഗം വഴിയുള്ള ഒരു അംഗത്തിൻെറ ഉദ്യോഗ കാലാവധി അയാൾ ഏത് ഉദ്യോഗം വഹിക്കുന്നതിനാലാണോ അപ്രകാരം അംഗമായതു ആ ഉദ്യോഗം വഹിക്കുന്നിടത്തോളം കാലം തുടരുന്നതാണ്.

(4) യാദൃച്ഛികമായുണ്ടായ ഒരൊഴിവ് നികത്തുന്നതിന് നാമ നിർദ്ദേശം ചെയ്തതോ തിരഞ്ഞെടുത്തതോ ആയ ഒരംഗത്തിൻെറ ഉദ്യോഗ കാലാവധി അയാളെ ഏതു മെമ്പറുടെ സ്ഥാനത്തേക്കാണോ നാമ നിർദ്ദേശം ചെയ്തത് അല്ലെങ്കിൽ തിരഞ്ഞെടുത്തത് ആ അംഗത്തിൻെറ കാലാവധിയുടെ അവശേഷിക്കുന്ന കാലത്തേക്ക് തുടരുന്നതാണ്.

(5) കേന്ദ്ര സർക്കാർ മറെറാരു വിധത്തിൽ നിർദ്ദേശിക്കുന്നില്ലെങ്കിൽ 5—ാം വകുപ്പ് (ഞ) ഖണ്ഡപ്രകാരം തിരഞ്ഞെടുത്തതല്ലാത്ത പിരിഞ്ഞുപോകുന്ന ഒരംഗം അയാളുടെ സ്ഥാനത്തേക്ക് മറെറാരാളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ ഉദ്യോഗത്തിൽ തുടരുന്നതാണ്.

(6) പിരിഞ്ഞുപോകുന്ന ഒരംഗം വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാനും തിരഞ്ഞെടുക്കപ്പെടാനും അർഹനായിരിക്കുന്നതാണ്.

(7) കേന്ദ്രസർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കയ്പടയിൽ എഴുതി കൊടുത്ത് ഒരു അംഗത്തിന് അയാളുടെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്; എന്നാൽ രാജി ആ സർക്കാർ സ്വീകരിക്കുന്നതുവരെ ഔദ്യോഗികസ്ഥാനത്തു തുടരേണ്ടതാണ്.

(8) അംഗങ്ങളുടെ ഒഴിവുകൾ നികത്തുന്ന രീതി ചട്ടങ്ങളാൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം ആയിരിക്കുന്നതാണ്.

7 (1) ഡയറക്ടർ ഒഴികെയുള്ള മററു അംഗങ്ങളിൽ നിന്നും കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ വിദ്യാസ്ഥാപനത്തിൻെറ പ്രസിഡൻറ് ആയിരിക്കുന്നതാണ്.

വിദ്യാസ്ഥാപനത്തിൻെറ പ്രസിഡൻറ്.

(2) പ്രസിഡൻറ്, ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതോ, ചട്ടങ്ങളാലോ റെഗുലേഷനുകളാലോ നിർണ്ണയിച്ചിട്ടുള്ളതോ ആയ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതാണ്.

8. പ്രസിഡൻറിനും, അംഗങ്ങൾക്കും, ചട്ടങ്ങളാൽ വല്ല ബത്തകളും നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ അത് വിദ്യാസ്ഥാപനത്തിൽ നിന്നും അവർക്ക് സ്വീകരിക്കാവുന്നതാണ്.

പ്രസിഡൻറിൻെറയും അംഗങ്ങളുടേയും ബത്തകൾ

9. വിദ്യാസ്ഥാപനം അതിൻെറ ആദ്യയോഗം കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും നടത്തേണ്ടതും കാര്യങ്ങളുടെ നടത്തിപ്പ്

വിദ്യാസ്ഥാപനത്തിൻെറയോഗങ്ങ

സംബന്ധിച്ച് ആ സർക്കാർ ഉണ്ടാക്കിയിട്ടുള്ള നടപടിച്ചട്ടങ്ങൾ ആദ്യയോഗത്തിൽ പാലിക്കേണ്ടതും; അതിനുശേഷം വിദ്യാസ്ഥാപനം റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള സമയത്തും സ്ഥലത്തും യോഗങ്ങൾകൂടേണ്ടതും ആകുന്നു.

വിദ്യാസ്ഥാപനത്തിൻെറ ഭരണസമിതിയും മററു കമ്മിററികളും

10. (1) വിദ്യാസ്ഥാപനത്തിന് ഒരു ഭരണനികായം ഉണ്ടായിരിക്കേണ്ടതും അതു റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ രൂപീകരിക്കേണ്ടതും ആകുന്നു:

എന്നാൽ, ഭരണനികായത്തിൽ വിദ്യാസ്ഥാപനത്തിൻെറ അംഗങ്ങളല്ലാത്ത ആളുകളുടെ എണ്ണം മൊത്തം അംഗസംഖ്യയുടെ മൂന്നിലൊന്നിൽ കവിയാൻ പാടുള്ളതല്ല.

(2) ഭരണനികായം വിദ്യാസ്ഥാപനത്തിൻെറ നിർവാഹകസമിതി ആയിരിക്കുന്നതും വിദ്യാസ്ഥാപനം ഇതിലേക്ക് ഉണ്ടാക്കുന്ന റെഗുലേഷനുകൾ വഴി നിർവ്വാഹക സമിതിക്ക് നൽകുന്ന അധികാരങ്ങൾ അതു പ്രയോഗിക്കുകയും ചുമത്തുന്ന ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതാണ്.

(3) പ്രസിഡൻറ് ഭരണ സമിതിയുടെ ചെയർമാനായിരിക്കുന്നതും ചെയർമാനെന്ന നിലയ്ക്ക് റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതും ആകുന്നു.

(4) ഭരണസമിതി അതിൻെറ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് നടപടിക്രമവും ഭരണസമിതിയിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും അവരുടെയിടയിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്ന രീതിയും റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം ആയിരിക്കുന്നതാണ്.

(5) ചട്ടങ്ങളാൽ നിർണ്ണയിച്ചിട്ടുള്ള നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വിധേയമായി വിദ്യാസ്ഥാപനത്തിന് അതിൻെറ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിനും, സ്ഥാപനം അയച്ചുകൊടുക്കുന്ന ഏതെങ്കിലുമൊരു കാര്യത്തിൻമേൽ അന്വേഷണം നടത്തുകയോ റിപ്പോർട്ടു ചെയ്യുകയോ ഉപദേശിക്കുകയോ ചെയ്യുന്നതിനും അതിനു ഉചിതമെന്നു തോന്നുന്നത്ര സ്ഥിരം കമ്മിററികളും അഡ്ഹോക് കമ്മിററികളും രൂപീകരിക്കാവുന്നതാണ്.

(6) ഭരണസമിതിയുടെയും സ്ഥിരം കമ്മിററിയുടെയും അഡ്ഹോക് കമ്മിററിയുടെയും ചെയർമാനും അംഗങ്ങൾക്കും വല്ല ബത്തകളും ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ളതു സ്വീകരിക്കാവുന്നതാണ്.

വിദ്യാസ്ഥാപനത്തിലെ ജീവനക്കാർ

11. (1) വിദ്യാസ്ഥാപനത്തിന് അതിൻെറ ഡയറക്ടർ എന്നു വിളിക്കുന്ന ഒരു മുഖ്യ നിർവാഹക ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കുന്നതും അയാളെ ഇക്കാര്യത്തിനു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി വിദ്യാസ്ഥാപനം നിയമിക്കുന്നതും ആകുന്നു:

എന്നാൽ, വിദ്യാസ്ഥാപനത്തിൻെറ ആദ്യ ഡയറക്ടറെ കേന്ദ്രസർക്കാർ നിയമിക്കുന്നതാണ്.

(2) ഡയറക്ടർ വിദ്യാസ്ഥാപനത്തിൻെറയും അതുപോലെതന്നെ ഭരണസമിതിയുടെയും കാര്യദർശിയായി പ്രവർത്തിക്കുന്നതാണ്.

(3) ഡയറക്ടർ, റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ളതോ അയാൾ വിദ്യാസ്ഥാപനത്തിൻെറ പ്രസിഡൻേറാ ഭരണനികായമോ അതിൻെറ ചെയർമാനോ പ്രത്യായോജനം ചെയ്തിട്ടുള്ളതോ ആയ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(4) വിദ്യാസ്ഥാപനത്തിന് അതിൻെറ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് ആവശ്യമുള്ളത്ര മററു ഉദ്യോഗസ്ഥൻമാരേയും ജോലിക്കാരേയും ഇതിലേക്കുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കു വിധേയമായി നിയമിക്കാവുന്നതും അപ്രകാരമുള്ള മററുദ്യോഗസ്ഥൻമാരുടേയും ജോലിക്കാരുടേയും ഉദ്യോഗപ്പേരുകളും പദവിയും നിശ്ചയിക്കാവുന്നതും ആകുന്നു.

(5) ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിധേയമായി, വിദ്യാസ്ഥാപനത്തിന്റെ ഡയറക്ടറും മററു ഉദ്യോഗസ്ഥൻമാരും ജീവനക്കാരും ഇതിലേക്ക് ഉണ്ടാക്കിയിട്ടുള്ള റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹരായിരിക്കുന്നതും, അവധി, പെൻഷൻ, ഗ്രാററുവിററി, പ്രോവിഡൻറ് ഫണ്ട് ഇവ സംബന്ധിച്ച് അപ്രകാരം നിർണ്ണയിച്ചിട്ടുള്ള സേവന വ്യവസ്ഥകൾ അവർക്ക് ബാധകമായിരിക്കുന്നതും ആകുന്നു.

വിദ്യാസ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ

12. വിദ്യാസ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്, അതായത്,—

(ക) ജീവവൈദ്യ എൻജിനീയറിംഗും സാങ്കേതിക വിജ്ഞാനവും പ്രോൽസാഹിപ്പിക്കുക;

(ഖ) വൈദ്യശാസ്ത്രത്തിന്റെ പുരോഗതി നേടിയിട്ടുള്ള പ്രത്യേക ശാഖകളിൽ രോഗികൾക്ക് ഉയർന്ന നിലവാരം പുലർത്തുന്ന ശുശ്രൂഷ നൽകുകയും അങ്ങനെയുള്ള ശുശ്രൂഷാ രീതി കാണിച്ചു കൊടുക്കുകയും ചെയ്യുക;

(ഗ) വൈദ്യശാസ്ത്രത്തിന്റെ പുരോഗതി നേടിയിട്ടുള്ള പ്രത്യേക ശാഖകളിലും ജീവവൈദ്യ എൻജിനീയറിംഗിലും സാങ്കേതിക വിജ്ഞാനത്തിലും ബിരുദാനന്തരപഠനങ്ങൾക്കും ഏററവും മികച്ച ബിരുദാനന്തര പരിശീലനപരിപാടികൾ ആവിഷ്ക്കരിക്കുക.

വിദ്യാ സ്ഥാപനത്തിന്റെ ചുമതലകൾ

13. 12-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് വിദ്യാസ്ഥാപനത്തിന് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്, അതായത്,—

(ക) ആധുനിക വൈദ്യശാസ്ത്രത്തിലും ഭൗതികശാസ്ത്രവും ജീവശാസ്ത്രവും ഉൾപ്പെടെ ബന്ധപ്പെട്ട മററു ശാസ്ത്രങ്ങളിലും ബിരുദാനന്തരപഠനം ഏർപ്പെടുത്തുക;

(ഖ) അങ്ങനെയുള്ള വിവിധ ശാസ്ത്രശാഖകളിൽ ഗവേഷണം നടത്തുന്നതിനു സൗകര്യം ഏർപ്പെടുത്തുക;

(ഗ) വൈദ്യശാസ്ത്രപരവും സാങ്കേതികവുമായ വിഷയങ്ങളിൽ ബിരുദാനന്തരപഠനം തൃപ്തികരമായ നിലവാരത്തിലെത്തിച്ചേരുന്നതിന് അങ്ങനെയുള്ള പഠനത്തിന്റെ ഏകീകൃത സമ്പ്രദായങ്ങളിൽ പരീക്ഷണങ്ങൾ നടത്തുക;

(ഘ) ബിരുദാനന്തരപഠനത്തിന് അദ്ധ്യയന പാഠപദ്ധതികൾ നിർദ്ദേശിക്കുക;

(ങ) ജീവവൈദ്യ ശാസ്ത്രങ്ങളിലും ജീവവൈദ്യസാങ്കേതികവിജ്ഞാനത്തിലും ബിരുദാനന്തര പഠനവും പരിശീലനവും ഏർപ്പെടുത്തുക;

(ച) നിലവിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും—

(i) ഒന്നോ അതിലധികമോ സുസജ്ജമായ ആശുപത്രികളും,

(ii) ജീവവൈദ്യ സാങ്കേതിക വിജ്ഞാനത്തിൽ ഗവേഷണം നടത്തുന്നതിനും അതു വികസിപ്പിക്കുന്നതിനുമായി ഒന്നോ അതിലധികമോ കേന്ദ്രങ്ങളും;

സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക;

(ഛ) റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നവിധത്തിൽ, വൈദ്യശാസ്ത്രത്തിലും ജീവവൈദ്യ സാങ്കേതിക വിജ്ഞാനത്തിലും ബിരുദാനന്തര പഠനത്തിനു പരീക്ഷകൾ നടത്തുകയും ബിരുദങ്ങളും ഡിപ്ലോമകളും വിദ്യാസംബന്ധമായ മററു കീർത്തിപത്രങ്ങളും ബഹുമതികളും നൽകുകയും ചെയ്യുക;

(ജ) റെഗുലേഷനുകൾ അനുസരിച്ച് പ്രൊഫസർ, റീഡർ, ലെക്ചറർ എന്നീ തസ്തികകളും മറേറതൊരു തസ്തികയും സൃഷ്ടിക്കുകയും അതിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുക;

(ഝ) സർക്കാരിൽനിന്നും ഗ്രാൻറുകളും, ദാനദാതാക്കൾ, രക്ഷാധികാരികൾ, ഒസ്യത്ത്കർത്താക്കൾ, കൈമാററം കൊടുക്കുന്നവർ എന്നിവരിൽ നിന്നും സ്ഥാവരവും ജംഗമവുമായ വസ്തുക്കളുടെ, അതതു സംഗതി പോലെ, ദാനങ്ങളും സംഭാവനകളും സഹായങ്ങളും മരണശാസന ദായവും വസ്തുക്കളുടെ കൈമാററവും സ്വീകരിക്കുക ;

(ഞ) 12-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമെന്നു തോന്നുന്നവിധം വിദ്യാസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതോ അതിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കൾ കൈകാര്യം ചെയ്യുക;

(ട) റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള ഫീസുകളും മററുചാർജുകളും ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുക;

(ഠ) 12-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിനു ആവശ്യമായ മറെറല്ലാ പ്രവൃത്തികളും കാര്യങ്ങളും ചെയ്യുക.

വസ്തു നിക്ഷിപ്തമാകുന്നത്

14. വൈദ്യശാസ്ത്ര ശാഖകളിൽ ഉപരി പഠനത്തിനായുള്ള തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെൻറർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസിൽ ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് നിക്ഷിപ്തമായിരുന്ന എല്ലാ വസ്തുക്കളും ഈ ആക്ററ് പ്രാബല്യത്തിൽ വരുമ്പോഴും അതുമുതൽക്കും വിദ്യാസ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

വിദ്യാ സ്ഥാപനത്തിനു പണം കൊടുക്കുന്നത്.

15. പാർലമെൻറ് നിയമംവഴി ഇതിലേക്ക് ധനവിനിയോഗം നടത്തിയതിനു ശേഷം കേന്ദ്രസർക്കാരിനു ഓരോ സാമ്പത്തിക വർഷത്തിലും വിദ്യാസ്ഥാപനത്തിന് അതിന്റെ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് കേന്ദ്രസർക്കാരിന് ആവശ്യമെന്നു തോന്നുന്ന തുക ആവശ്യമെന്നു തോന്നുന്ന രീതിയിൽ വിദ്യാസ്ഥാപനത്തിന് നൽകാവുന്നതാണ്.

വിദ്യാ സ്ഥാപനത്തിന്റെ നിധി

16. (1) വിദ്യാസ്ഥാപനം ഒരു നിധി വച്ചുപോരേണ്ടതും അതിൽ താഴെ പറയുന്നവ വരവു വയ്ക്കേണ്ടതും ആകുന്നു; അതായത്—

(ക) കേന്ദ്രസർക്കാരും കേരളാ സർക്കാരും നൽകുന്ന എല്ലാ തുകകളും;

(ഖ) വിദ്യാസ്ഥാപനം സ്വീകരിക്കുന്ന എല്ലാ ഫീസുകളും മററു ചാർജുകളും;

(ഗ) ഗ്രാൻറായോ ദാനമായോ സംഭാവനയായോ സഹായമായോ മരണശാസനദായകമായോ കൈമാററമായോ വിദ്യാസ്ഥാപനം സ്വീകരിച്ച എല്ലാ തുകകളും;

(ഘ) മറേറതെങ്കിലും വിധത്തിലോ മറെറവിടെയെങ്കിലും നിന്നോ വിദ്യാസ്ഥാപനം സ്വീകരിച്ച എല്ലാ തുകകളും.

(2) കേന്ദ്രസർക്കാരിന്റെ അനുവാദത്തോടെ വിദ്യാസ്ഥാപനം തീരുമാനിക്കുന്നപ്രകാരം നിധിയിലേക്ക് വരവുവച്ചിട്ടുള്ള തുകകൾ ബാങ്കുകളിൽ ഇടുകയോ മററു രീതിയിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്.

(3) വിദ്യാസ്ഥാപനത്തിനു 13-ാം വകുപ്പുപ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും ചുമതലകൾ നിർവഹിക്കുന്നതിലും ഉണ്ടാകുന്നവ അടക്കമുള്ള അതിന്റെ ചിലവുകൾക്ക് നിധി വിനിയോഗിക്കേണ്ടതാണ്.

17. വിദ്യാസ്ഥാപനം ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള രൂപത്തിലും സമയത്തും, ഓരോ വർഷവും തൊട്ടടുത്തുവരുന്ന സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന സ്ഥാപനത്തിന്റെ വരവും ചെലവും കാണിച്ചുകൊണ്ടുള്ള ഒരു ബജററ് തയ്യാറാക്കേണ്ടതും ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ളത്ര അതിന്റെ പകർപ്പുകൾ കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു. വിദ്യാ സ്ഥാപനത്തിന്റെ ബജററ്

18. (1) കേന്ദ്ര സർക്കാർ ചട്ടങ്ങൾവഴി നിർണ്ണയിച്ചിട്ടുള്ള രൂപത്തിലും ആ സർക്കാർ ഭാരതത്തിന്റെ കംട്രോളർ—ആഡിററർ ജനറലുമായി ആലോചിച്ച് നൽകുന്ന പൊതുനിർദ്ദേശങ്ങൾക്ക് അനുസൃതമായും വിദ്യാസ്ഥാപനം ശരിയായ കണക്കുകളും പ്രസക്തങ്ങളായ മററു രേഖകളും വച്ചുപോരേണ്ടതും ബാക്കി പത്രം ഉൾപ്പെടെയുള്ള കണക്കുകളുടെ ഒരു വാർഷികവിവരണക്കുറിപ്പ് തയ്യാറാക്കേണ്ടതും ആകുന്നു. അക്കൗണ്ടുകളും ആഡിററും

(2) വിദ്യാസ്ഥാപനത്തിന്റെ കണക്കുകൾ ഭാരതത്തിന്റെ കംട്രോളർ—ആഡിററർ ജനറൽ ആഡിററുചെയ്യുന്നതും, അപ്രകാരമുള്ള ആഡിററുസംബന്ധിച്ച് അയാൾക്ക് വഹിക്കേണ്ടിവരുന്ന എല്ലാ ചിലവും വിദ്യാസ്ഥാപനം നൽകേണ്ടതും ആകുന്നു.

(3) ഭാരതത്തിന്റെ കംട്രോളർ—ആഡിററർ ജനറലും വിദ്യാസ്ഥാപനത്തിന്റെ കണക്കുകൾ ആഡിററ് ചെയ്യുന്നതു സംബന്ധിച്ച് നിയമിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ആഡിററു സംബന്ധിച്ച് ഭാരതത്തിന്റെ കംട്രോളർ—ആഡിററർ ജനറലിനു സർക്കാർ കണക്കുകളുടെ ആഡിററു സംബന്ധിച്ചുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും, പ്രത്യേകിച്ച് ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട പററുശീട്ടുകളും മററ് പ്രമാണങ്ങളും രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടാനും വിദ്യാസ്ഥാപനത്തിന്റെയും അതുപോലെ തന്നെ വിദ്യാസ്ഥാപനം സ്ഥാപിച്ച് നടത്തിവരുന്ന മററു സ്ഥാപനങ്ങളുടെയും ഫീസുകൾ പരിശോധിക്കാനുമുള്ള അധികാരവും ഉണ്ടായിരിക്കുന്നതാണ്.

(4) ഭാരതത്തിന്റെ കംട്രോളർ—ആഡിററർ ജനറലോ അയാൾ ഇതിനായി നിയമിച്ച മററേതെങ്കിലുമാളോ സർട്ടിഫൈ ചെയ്തപ്രകാരമുള്ള വിദ്യാസ്ഥാപനത്തിന്റെ കണക്കുകൾ അതിൻമേലുള്ള ആഡിററ് റിപ്പോർട്ട് സഹിതം വർഷംതോറും കേന്ദ്രസർക്കാരിനു അയച്ചുകൊടുക്കേണ്ടതും അത് ആ സർക്കാർ പാർലമെൻറിന്റെ ഇരു സഭകളുടെയും മുൻപാകെ വയ്ക്കാൻ ഇടയാക്കേണ്ടതും ആകുന്നു.

19. വിദ്യാസ്ഥാപനം ഓരോ വർഷവും ആ വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള രൂപത്തിൽ തയ്യാറാക്കേണ്ടതും അങ്ങനെ നിർണ്ണയിച്ചിട്ടുള്ള തീയതിയിലോ അതിനുമുൻപോ കേന്ദ്രസർക്കാരിന് ആ റിപ്പോർട്ട് സമർപ്പിക്കേണ്ടതും അതു കിട്ടിക്കഴിഞ്ഞാൽ കഴിയുന്നത്ര വേഗം അതിന്റെ ഒരു പകർപ്പ് പാർലമെൻറിന്റെ ഇരു സഭകളുടെയും മുൻപാകെ വയ്ക്കേണ്ടതും ആകുന്നു. വാർഷിക റിപ്പോർട്ട്

20. (1) റെഗുലേഷനുകളിൽ നിർണ്ണയിച്ചിട്ടുള്ള രീതിയിലും നിർണ്ണയിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും വിദ്യാസ്ഥാപനം അതിന്റെ ഉദ്യോഗസ്ഥൻമാരുടെയും അദ്ധ്യാപകരുടെയും മററു ജോലിക്കാരുടെയും ഗുണത്തിനായി അതിനു ഉചിതമെന്നു തോന്നുന്ന പെൻഷനും പ്രോവിഡൻറ് ഫണ്ടും ഏർപ്പെടുത്തേണ്ടതാണ്. പെൻഷനും പ്രോവിഡൻറ് ഫണ്ടും

(2) അങ്ങനെ ഏതെങ്കിലും പെൻഷനോ പ്രോവിഡൻറ് ഫണ്ടോ രൂപീകരിച്ചിട്ടുള്ളിടത്ത്, അതിന് 1925-ലെ പ്രോവിഡൻറ് ഫണ്ട് ആക്ററിലെ വ്യവസ്ഥകൾ ആ ഫണ്ട് ഒരു സർക്കാർ പ്രോവിഡൻറ് ഫണ്ട് ആയിരുന്നാൽ എന്നപോലെ ബാധകമായിരിക്കുമെന്ന് കേന്ദ്ര സർക്കാരിനു പ്രഖ്യാപിക്കാവുന്നതാണ്. 1925-ലെ 19

21. വിദ്യാസ്ഥാപനത്തിന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും പ്രസിഡൻറിന്റെയോ വിദ്യാസ്ഥാപനം ഇതിലേക്ക് അധികാരപ്പെടുത്തിയ മറേറതെങ്കിലും അംഗത്തിന്റെയോ കയ്യൊപ്പാലും മറെറല്ലാ രേഖകളും വിദ്യാസ്ഥാപനത്തിന്റെ ഡയറക്ടറുടെയോ ഇതിലേക്ക് അതേ രീതിയിൽ അധികാരപ്പെടുത്തിയിട്ടുള്ള വിദ്യാസ്ഥാപനത്തിന്റെ മറേറതെങ്കിലും ഉദ്യോഗസ്ഥന്റെയോ കയ്യൊപ്പാലും പ്രമാണീകരിക്കേണ്ടതാണ്. വിദ്യാ സ്ഥാപനത്തിന്റെ ഉത്തരവുകളുടേയും രേഖകളുടേയും പ്രമാണീകരണം

ഒഴിവുകളും മററും പ്രവൃത്തികളെയും നടപടികളേയും അസാധുവാക്കുന്നതല്ലെന്ന്.

22. ഈ ആക്ററ് പ്രകാരം വിദ്യാസ്ഥാപനമോ ഭരണ സമിതിയോ ഏതെങ്കിലും സ്ഥിരം കമ്മിററിയോ, അഡ്ഹോക്ക്കമ്മിററിയോ ചെയ്ത യാതൊരു നടപടിയും വിദ്യാസ്ഥാപനത്തിലോ ഭരണ സമിതിയിലോ സ്ഥിരം കമ്മിററിയിലോ അഡ്ഹോക്ക് കമ്മിററിയിലോ ഏതെങ്കിലും ഒഴിവുണ്ടായിരുന്നെന്നോ അതിൻെറ ഘടനയിൽ ഏതെങ്കിലും ന്യൂനത ഉണ്ടായിരുന്നെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യാവുന്നതല്ല.

വിദ്യാ സ്ഥാപനം മെഡിക്കൽ ബിരുദങ്ങൾ, ഡിപ്ലോമകൾ മുതലായവ നൽകുന്നത്.

23. നിലവിലുള്ള മററു നിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ററ്പ്രകാരം വിദ്യാസ്ഥാപനത്തിന് മെഡിക്കൽ ബിരുദങ്ങളും ഡിപ്ലോമകളും വിദ്യാസംബന്ധമായ മററു കീർത്തിപത്രങ്ങളും ബഹുമതികളും നൽകുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

വിദ്യാ സ്ഥാപനം നൽകുന്ന മെഡിക്കൽ യോഗ്യതാപത്രങ്ങൾക്ക് അംഗീകാരം
1956—ലെ 102

24. 1956—ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്ററിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററ് പ്രകാരം വിദ്യാസ്ഥാപനം നൽകുന്ന മെഡിക്കൽ ബിരുദങ്ങളും ഡിപ്ലോമകളും ആ ആക്ററിൻെറ കാര്യങ്ങൾക്ക് അംഗീകൃത മെഡിക്കൽ യോഗ്യതകളായിരിക്കുന്നതും ആ ആക്ററിലെ ഒന്നാംപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കരുതപ്പെടുന്നതും ആകുന്നു.

കേന്ദ്ര സർക്കാരിൻെറ നിയന്ത്രണം

25. ഈ ആക്ററിൻെറ കാര്യക്ഷമമായ നിർവ്വഹണത്തിന് കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ വിദ്യാസ്ഥാപനം നടപ്പിലാക്കേണ്ടതാണ്.

വിദ്യാ സ്ഥാപനവും കേന്ദ്ര സർക്കാരും തമ്മിലുള്ള തർക്കങ്ങൾ

26. വിദ്യാസ്ഥാപനം ഈ ആക്ററു പ്രകാരം അതിനുള്ള അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിലോ അതു സംബന്ധമായോ വിദ്യാസ്ഥാപനവും കേന്ദ്രസർക്കാരും തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടാവുകയാണെങ്കിൽ അങ്ങനെയുള്ള തർക്കത്തിൻമേൽ കേന്ദ്രസർക്കാരിൻെറ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

വിവരണ പത്രികകളും വിവരങ്ങളും

27. കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന റിപ്പോർട്ടുകളും വിവരണ പത്രികകളും മററു വിവരങ്ങളും വിദ്യാസ്ഥാപനം ആ സർക്കാരിനു നൽകേണ്ടതാണ്.

ജോലിയിലിരിക്കുന്ന ജീവനക്കാരുടെ സേവനം മാററുന്നത്

28. വൈദ്യശാസ്ത്ര ശാഖകളിൽ ഉപരിപഠനത്തിനായുള്ള തിരുവനന്തപുരം ശ്രീ ചിത്തിരതിരുന്നാൾ മെഡിക്കൽ സെൻറർ സൊസൈററി ഫോർ അഡ്വാൻസ്ഡ് സ്ററഡീസ് ഇൻ സ്പെഷ്യാലിററീസിൽ ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനു തൊട്ടു മുൻപ് ജോലിയിലിരുന്ന ഓരോ ആളും ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി ആക്ററ് പ്രാബല്യത്തിൽ വരുന്ന ദിവസവും അന്നുമുതൽക്കും വിദ്യാസ്ഥാപനത്തിലെ ഒരു ജീവനക്കാരനായിത്തീരുന്നതും ഈ ആക്ററ് പാസ്സാക്കിയിരുന്നില്ലെങ്കിൽ അയാൾക്ക് ഈ ആക്ററ് പ്രാബല്യത്തിൽ വരുന്ന സമയം ഉണ്ടായിരിക്കുമായിരുന്ന അതേ വേതനത്തിലും അതേ നിബന്ധനകളിൻമേലും ഉപാധികളിൻമേലും അവധി, പെൻഷൻ, ഗ്രാററ്യൂററി, പ്രോവിഡൻറ്ഫണ്ട്, മററു കാര്യങ്ങൾ എന്നിവയിൽ അതേ അവകാശങ്ങളോടും വിശേഷാവകാശങ്ങളോടുംകൂടി, അതേ കാലത്തേക്ക് അതിൽ ഉദ്യോഗം വഹിക്കുകയോ സേവനത്തിലിരിക്കുകയോ ചെയ്യുകയും അയാളുടെ നിയോജനം അവസാനിപ്പിക്കുകയോ റെഗുലേഷനുകൾ വഴി അപ്രകാരമുള്ള കാലാവധിയും വേതനവും നിബന്ധനകളും ഉപാധികളും യഥാവിധി വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതുവരെ അപ്രകാരം തുടരുകയും ചെയ്യാവുന്നതാണ്:

എന്നാൽ അപ്രകാരമുള്ള യാതൊരു ആളുടെയും ഉദ്യോഗകാലാവധിയും വേതനവും സേവനവും സംബന്ധിച്ച നിബന്ധനകളും ഉപാധികളും കേന്ദ്രസർക്കാരിൻെറ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ, അയാളെ പ്രതികൂലമായി ബാധിക്കുന്ന വിധം വ്യത്യാസപ്പെടുത്താൻ പാടുള്ളതല്ല.

വിദ്യാ സ്ഥാപനത്തിലെ സൗകര്യങ്ങൾ തുടരുന്നത്

29. വിദ്യാസ്ഥാപനം കേരള സംസ്ഥാനത്തെ സർക്കാരിനും ജനങ്ങൾക്കും കേന്ദ്രസർക്കാരിനും തുടർന്നും സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതും അപ്രകാരമുള്ള സൗകര്യങ്ങൾ ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് വിദ്യാസ്ഥാപനം മേൽപ്പറഞ്ഞ സർക്കാരുകൾക്കും ജനങ്ങൾക്കും നൽകിവന്നിരുന്നതിൽനിന്നും യാതൊരു കാര്യത്തിലും കൂടുതൽ പ്രതികൂലമാകാൻ പാടില്ലാത്തതും, വിദ്യാസ്ഥാ

പനവും കേരള സംസ്ഥാന സർക്കാരും, കേന്ദ്രസർക്കാരും തമ്മിൽ സമ്മതിക്കുന്നത്ര കാലത്തേക്കും സമ്മതിക്കുന്ന (സൗകര്യങ്ങൾ ലഭിക്കുന്നതിന് നൽകേണ്ട സംഭാവനകളെ സംബന്ധിക്കുന്നതടക്കമുള്ള) നിബന്ധനകളിൻമേലും ഉപാധികളിൻമേലും അവ ലഭ്യമാക്കേണ്ടതും ആകുന്നു.

**വിഷമതകൾ നീക്കുന്നതിനുള്ള അധികാരം**

30. ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാകുന്നതിൽ ഏതെങ്കിലും വിഷമത ഉണ്ടാകുന്നെങ്കിൽ കേന്ദ്രസർക്കാരിനു ഈ ആക്ററ് പ്രാബല്യത്തിൽ വന്നു മൂന്നുകൊല്ലത്തിനകം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്ത ഉത്തരവു വഴി, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തവിധം ആ വിഷമത മാററുവാൻ ഉചിതമെന്നോ ആവശ്യമെന്നോ കേന്ദ്രസർക്കാരിന് തോന്നുന്ന വ്യവസ്ഥകൾ ഉണ്ടാക്കുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്.

**ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം**

31. (1) കേന്ദ്രസർക്കാരിന് വിദ്യാസ്ഥാപനവുമായി ആലോചിച്ച ശേഷം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻെറ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ വകുപ്പുപ്രകാരം ചട്ടങ്ങൾ ആദ്യമായി ഉണ്ടാക്കുന്ന അവസരത്തിൽ വിദ്യാസ്ഥാപനവുമായി ആലോചിക്കേണ്ടതില്ലാത്തതും, അവ ഉണ്ടാക്കിയതിനുശേഷം അപ്രകാരമുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച് വിദ്യാസ്ഥാപനം പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതും ആകുന്നു.

(2) അപ്രകാരമുള്ള ചട്ടങ്ങൾ, പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിൻെറ സാമാന്യതക്ക് ഭംഗം കൂടാതെയും താഴെപ്പറയുന്ന എല്ലാകാര്യങ്ങൾക്ക്, അല്ലെങ്കിൽ അവയിലേതെങ്കിലും കാര്യത്തിനോ വ്യവസ്ഥ ചെയ്യാവുന്നതാണ്:—

(ക) 5–ാം വകുപ്പിലെ (ച), (ഛ) (ഝ) എന്നീ ഖണ്ഡങ്ങൾ പ്രകാരം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്ന രീതി;

(ഖ) 6–ാം വകുപ്പുപ്രകാരം അംഗങ്ങളുടെയിടയിലുണ്ടാകുന്ന ഒഴിവു നികത്തുന്ന രീതി;

(ഗ) 7–ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പ്രസിഡൻറിനാൽ പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ഘ) 8–ാം വകുപ്പുപ്രകാരം പ്രസിഡൻറിനും മററംഗങ്ങൾക്കും നൽകേണ്ട ബത്തകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതും;

(ങ) 10–ാം വകുപ്പ് (5)–ാം ഉപവകുപ്പുപ്രകാരം സ്ഥിരം കമ്മിററികളുടെയും പ്രത്യേക കമ്മിററികളുടേയും രൂപീകരണത്തെ സംബന്ധിച്ച നിയന്ത്രണവും പരിമിതികളും;

(ച) 11–ാം വകുപ്പ് (1)–ാം ഉപവകുപ്പുപ്രകാരമുള്ള ഡയറക്ടറുടെ നിയമനം;

(ഛ) 11–ാം വകുപ്പ് (4)–ാം ഉപവകുപ്പു പ്രകാരം വിദ്യാസ്ഥാപനത്തിനു നിയമിക്കാവുന്ന ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും എണ്ണവും അപ്രകാരമുള്ള നിയമനത്തിൻെറ രീതിയും;

(ജ) 11–ാം വകുപ്പ് (5)–ാം ഉപവകുപ്പുപ്രകാരം വിദ്യാസ്ഥാപനത്തിൻെറ ഡയറക്ടർക്കും മററ് ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും;

(ഝ) 17–ാം വകുപ്പുപ്രകാരം വിദ്യാസ്ഥാപനം തയ്യാറാക്കേണ്ട ബജററിൻെറ രൂപവും അതു തയ്യാറാക്കേണ്ട സമയവും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ട അതിൻെറ പകർപ്പുകളുടെ എണ്ണവും;

(ഞ) 18–ാം വകുപ്പ് (1)–ാം ഉപവകുപ്പുപ്രകാരം ബാക്കി പത്രമുൾപ്പെടെയുള്ള കണക്കുകളുടെ വാർഷിക വിവരക്കുറിപ്പ് തയ്യാറാക്കേണ്ട രീതി:

(ട) 19–ാംവകുപ്പുപ്രകാരം വിദ്യാസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ട രൂപവും സമർപ്പിക്കുന്നത് ഏതുതീയതിക്കു മുൻപായിരിക്കണം എന്നുള്ളതും;

(ഠ) 27–ാം വകുപ്പുപ്രകാരം വിദ്യാസ്ഥാപനം റിപ്പോർട്ടുകളും വിവരണ പത്രികകളും മററു വിവരങ്ങളും കേന്ദ്രസർക്കാരിന് നൽകേണ്ടത് ഏതു രൂപത്തിലും രീതിയിലുമാണെന്ന്;

(ഡ) ചട്ടങ്ങൾ വഴി നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മററതെങ്കിലും കാര്യം.

റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം.

32(1) വിദ്യാസ്ഥാപനത്തിന് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഈ ആക്ററിന്റെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിന് ഈ ആക്ററിനും അതിൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും സംഗതമായ റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതും, ഈ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെ അപ്രകാരമുള്ള റെഗുലേഷനുകളിൽ താഴെ പറയുന്ന കാര്യങ്ങൾക്കു വ്യവസ്ഥ ചെയ്യാവുന്നതുമാണ്, അതായത്:—

(ക) 7–ാം വകുപ്പ് (8)–ാം ഉപവകുപ്പു പ്രകാരം പ്രസിഡന്റ് പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ഖ) 9–ാം വകുപ്പുപ്രകാരം ആദ്യത്തെ യോഗം ഒഴികെയുള്ള യോഗങ്ങൾ വിളിച്ചുകൂട്ടുന്നതും നടത്തുന്നതും, യോഗങ്ങൾ നടത്തേണ്ട സമയവും സ്ഥലവും, യോഗങ്ങളിലെ കാര്യാദികളുടെ നടത്തിപ്പും കോറം ഉണ്ടാകാൻ ആവശ്യമായ അംഗങ്ങളുടെ എണ്ണവും;

(ഗ) 10–ാം വകുപ്പുപ്രകാരം ഭരണസമിതിയും സ്ഥിരം കമ്മിററികളും അഡ്ഹോക്ക് കമ്മിററികളും രൂപീകരിക്കേണ്ട രീതിയും ഭരണസമിതിയിലേയും സ്ഥിരം കമ്മിററികളിലേയും അഡ്ഹോക്ക് കമ്മിററികളിലേയും അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും അവരുടെയിടയിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്ന രീതിയും;

(ഘ) 10–ാം വകുപ്പ് (2)–ം, (3)–ം ഉപവകുപ്പുകൾപ്രകാരം ചെയർമാനും ഭരണസമിതിയും, പ്രയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ങ) 10–ാം വകുപ്പ് (6)–ാം ഉപവകുപ്പുപ്രകാരം ചെയർമാനും ഭരണസമിതിയിലെയും സ്ഥിരം കമ്മിററികളിലെയും അഡ്ഹോക്ക് കമ്മിററികളിലേയും അംഗങ്ങൾക്കും നൽകേണ്ട ബത്തകൾ ഏതെങ്കിലുമുണ്ടെങ്കിൽ അത്;

(ച) 10–ാം വകുപ്പു പ്രകാരം, ഭരണസമിതിയും സ്ഥിരം കമ്മിററികളും പ്രത്യേക കമ്മിററികളും അവയുടെ കാര്യാദികളുടെ നടത്തിപ്പിനും അവയുടെ അധികാരങ്ങൾ പ്രയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും അനുവർത്തിക്കേണ്ട നടപടിക്രമം;

(ഛ) 11–ാം വകുപ്പ് (3)–ാം ഉപവകുപ്പുപ്രകാരം ഡയറക്ടർ വിനിയോഗിക്കേണ്ട അധികാരങ്ങളും നിർവ്വഹിക്കേണ്ട ചുമതലകളും;

(ജ) 11–ാം വകുപ്പ് (6)–ാം ഉപവകുപ്പുപ്രകാരം ഡയറക്ടറുടെയും വിദ്യാസ്ഥാപനം നിയമിച്ചിട്ടുള്ള അദ്ധ്യാപകരടക്കമുള്ള മററ് ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടേയും സേവന കാലാവധിയും ശമ്പളവും ബത്തകളും മററു സേവന വ്യവസ്ഥകളും;

(ഝ) 12–ാം വകുപ്പുപ്രകാരം വിദ്യാസ്ഥാപനത്തിന്റെ സ്വത്തുകളുടെ ഭരണം;

(ഞ) 13–ാം വകുപ്പ് (ഝ) ഖണ്ഡപ്രകാരം വിദ്യാസ്ഥാപനത്തിന് നൽകാവുന്ന ബിരുദങ്ങളും ഡിപ്ലോമകളും വിദ്യാസംബന്ധമായ മററു കീർത്തി പത്രങ്ങളും ബഹുമതികളും;

(ട) 13–ാം വകുപ്പ് (ജ) ഖണ്ഡപ്രകാരം ഉണ്ടാക്കാവുന്ന പ്രൊഫസർ, റീഡർ, ലെക്ചറർ എന്നീ തസ്തികകളും മററു തസ്തികകളും അങ്ങനെയുള്ള തസ്തികകളിൽ നിയമിക്കാവുന്ന ആളുകളും;

(ഠ) 13–ാം വകുപ്പ് (ട) ഖണ്ഡപ്രകാരം വിദ്യാസ്ഥാപനത്തിന് ആവശ്യപ്പെടാവുന്നതും സ്വീകരിക്കാവുന്നതുമായ ഫീസുകളും മററു ചാർജ്ജുകളും;

(ഡ) 20–ാം വകുപ്പ് (1)–ാം ഉപവകുപ്പു പ്രകാരം വിദ്യാസ്ഥാപനത്തിലെ ഉദ്യോഗസ്ഥൻമാരുടെയും അദ്ധ്യാപകരുടെയും മററു ജീവനക്കാരുടെയും ഗുണത്തിനുവേണ്ടിയുള്ള പെൻഷനും, പ്രോവിഡൻറുഫണ്ടുകളും രൂപീകരിക്കുന്നത് ഏതു രീതിയിലാണെന്നും ഏതു വ്യവസ്ഥകൾക്ക് വിധേയമായാണെന്നും;

(ഢ) 28–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ആളുകളുടെ ഉദ്യോഗ കാലാവധിയെയും പ്രതിഫലത്തെയും സേവന വ്യവസ്ഥകളെയും സംബന്ധിക്കുന്ന കാര്യങ്ങൾ;

(ണ) ഈ ആക്ററ് പ്രകാരം റെഗുലേഷനുകൾ വഴി വ്യവസ്ഥ ചെയ്യാവുന്ന മറെറതെങ്കിലും കാര്യം.

(2) (1)–ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററ് പ്രകാരമുള്ള ആദ്യ റെഗുലേഷനുകൾ കേന്ദ്രസർക്കാർ ഉണ്ടാക്കുന്നതും, അപ്രകാരം ഉണ്ടാക്കുന്ന ഏതു റെഗുലേഷനും വിദ്യാസ്ഥാപനത്തിന് (1)–ാം ഉപവകുപ്പു പ്രകാരമുള്ള അധികാരം പ്രയോഗിച്ച് വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും ആകുന്നു.

**ചട്ടങ്ങളും റെഗുലേഷനുകളും പാർലമെൻറിൻെറ മുൻപാകെ വയ്ക്കണമെന്ന്.**

33. ഈ ആക്ററു പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും റെഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗം പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭകളുടേയും മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ് ഇരുസഭകളും ആ ചട്ടത്തിലോ റെഗുലേഷനുകളിലോ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരു സഭകളും ആ ചട്ടമോ റഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നെങ്കിൽ അതിനുശേഷം ആ ചട്ടത്തിനും റെഗുലേഷനും, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ, അതതു സംഗതിപോലെ, ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള രൂപഭേദപ്പെടുത്തലും പ്രഭാവശൂന്യമാക്കലും ആ ചട്ടമോ റെഗുലേഷനോ പ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കുന്നതാണ്.